DESPATCHED
On.01/02/22

13/01/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001


ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in


ഹർജി നമ്പർ **AP. 1396*(7)*/2014**/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **7950**/എസ്.ഐ.സി-ജി 6/2014)

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. ടി.സി.രവീന്ദ്രനാഥ്,
സൊലൂഷൻസ്, റൂം നമ്പർ – 11,
സൗഹൃദ ആർക്കേഡ്,
ഗേൾസ് ഹൈസ്കൂൾ റോഡ്,
വടക്കാഞ്ചേരി, തൃശ്ശൂർ ജില്ല,
പിൻ – 680 582. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
സീനിയർ സൂപ്രണ്ട്,
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്,
വടക്കാഞ്ചേരി.

2. അപ്പീൽ അധികാരി&
ഉപജില്ലാ ഓഫീസർ,
വടക്കാഞ്ചേരി, പിൻ –680 582.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 24.3.2014 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 03.4.2014 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 26.4.2014 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 30.04.2014 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 26.05.2014 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 30.05.2014 |
| ഹിയറിംഗ് നടന്ന തീയതി | 07.01.2022, ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം:അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല<br>ഹാജരായിരുന്നു |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. ടി.സി.രവീന്ദ്രനാഥ്, 26.05.2014ന് സമർപ്പിച്ച അപ്പീൽ ഹർജി 30.05.2014ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.1396(7)/14/SIC** ആയി ഫയലിൽ സ്വീക രിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കു യാതൊരു മറുപ ടിയും ലഭിക്കാത്തതിനാൽ ഒന്നാം അപ്പീൽ സമർപ്പിച്ചുവെന്നും ടി അപ്പീലിനു ശേഷം ഒന്നാം എതിർകക്ഷി 02.05.2014ന് മറുപടി നൽകിയെന്നും ടി മറുപടി നിശ്ചിത സമയത്തിനകം ലഭിച്ചിട്ടില്ലെന്നും ടിയാന്റെ അപേക്ഷയിൽ സൂചിപ്പി ച്ചിട്ടുള്ള വിഷയങ്ങളൊന്നും തന്നെ പരാമർശിച്ചിട്ടില്ലെന്നുമാണ്. തുടർന്ന് അപ്പീൽ അധികാരി മറുപടി നൽകിയെങ്കിലും ആയതും യാഥാർത്ഥ്യങ്ങൾക്ക് വിരുദ്ധമാണെന്നും വീഴ്ച വരുത്തിയ ഉദ്യോഗ സ്ഥർക്കെതിരെ മാതൃകാപരമായ നിയമ നടപടികൾ സ്വീകരിക്കണമെന്നുമാ ണ്.

3. അപ്പീൽ ഹർജിക്കാരൻ 24.03.2014ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1. സ്കൂൾ മാനേജ്മെന്റ് മാറ്റത്തിൽ നിയുക്ത മാനേജർ പോലീസ് ക്ലീയ റൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന വ്യവസ്ഥ കേരള വിദ്യാഭ്യാസ നയ ത്തിൽ വ്യവസ്ഥപ്പെടുത്തിയിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ ബന്ധപ്പെട്ട റൂൾ ഏതാണെന്നും

2. പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രത്യേക ഉത്തരവുകൾ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെയോ, പൊതു വിദ്യാഭ്യാസ വകുപ്പിന്റെയോ നിലവിലുണ്ടോയെന്നും ഉണ്ടെങ്കിൽ ആയ തിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് നൽകണമെന്നും

3. മേൽപ്പടി സർട്ടിഫിക്കറ്റ് ആവശ്യപ്പെടുമ്പോൾ ഏത് അധികാര സ്ഥാപ നത്തിൽ നിന്നുമാണ് പ്രസ്തുത സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടത് എന്ന

വസ്തുത കൂടി അറിയിക്കണമെന്നുമാണ്.(ബന്ധപ്പെട്ട പോലീസ് സ്റ്റേഷൻ, സർക്കിൾ, ജില്ല, സംസ്ഥാനം ഇവയിൽ ഏതെല്ലാം)

ആയതിന് 03.04.2014ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, പ്രസ്തുത വിഷയത്തിൽ ടി ഉപജില്ലയുടെ കീഴിലുള്ള എ.എൽ.പി.എസ് വെണ്ണൂർ എന്ന സ്കൂളിന്റെ മാനേജ്മെന്റ് മാറ്റത്തിനായി ബന്ധപ്പെട്ട രേഖ കൾ സഹിതം പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിച്ചിരുന്നതാ ണെന്നും എന്നാൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ എച്ച്/3/2012ലെ എഫ്2/5614/2010/ഡി.പി.ഐ/കെ.ഡിസ് നമ്പർ കത്തു പ്രകാരം പോലീസ് ക്ലീയറൻസ് സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കാതിരുന്നതിനാൽ അപേക്ഷ തിരിച്ചയക്കുകയാണ് ചെയ്തതെന്നും ആയതിനാൽ മേൽ നമ്പർ കത്തിലെ നിർദ്ദേശപ്രകാരമാണ് മാനേജ്മെന്റ് കൈമാറ്റത്തിന് പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് ആവശ്യപ്പെടുന്നത് എന്നാണ് അറിയിച്ചത്.

ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച അപ്പീൽ ഹർജിക്ക് 30.04.2014ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയ്ക്ക് ടി ഓഫീസിൽ നിന്നും നടപടി സ്വീകരിച്ച് 03.04.2014ന് കത്തു നൽകിയിട്ടുള്ളതാണെന്നും അപ്പീൽ ഹർജിയിൽ സൂചി പ്പിച്ച പ്രകാരം വീഴ്ച സംഭവിച്ചതായി കാണുന്നില്ലെന്നുമാണ്.

4. രണ്ടാം എതിർകക്ഷി 16.10.2014ന് കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് മറുപടി നൽകിയി ട്ടുള്ളതാണെന്നും ടിയാൻ ആവശ്യപ്പെട്ട വിവരം പൊതുവിദ്യാഭ്യാസ ഡയറ ക്ടറാഫീസിലെ നിർദ്ദേശപ്രകാരമാണ് മാനേജ്മെന്റ് കൈമാറ്റത്തിന് പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് ആവശ്യപ്പെട്ടിരിക്കുന്നത് എന്നറിയിച്ചിട്ടു ള്ളതാണെന്നും ടിയാന്റെ അപേക്ഷയ്ക്ക് മറുപടി ലഭിച്ചിട്ടില്ലെന്നു കാണിച്ച് സമർപ്പിച്ച അപ്പീൽ ഹർജിക്ക് മറുപടി നൽകിയിട്ടുണ്ടെന്നുമാണ്. കൂടാതെ ഹർജിക്കാരൻ ആവശ്യപ്പെട്ടതു പ്രകാരം എയ്ഡഡ് സ്കൂൾ മാനേജ്മെന്റ് കൈമാറ്റം സംബന്ധിച്ച് പൊതു വിദ്യാഭ്യാസ ഓഫീസിലേയ്ക്ക് എ.ഇ.ഒ/ഡി. ഇ.ഒ. മുഖേന അപേക്ഷ സമർപ്പിക്കുമ്പോൾ പോലീസ് ക്ലിയറൻസ് സർട്ടിഫി ക്കറ്റുകൂടി സമർപ്പിക്കേണ്ടതുണ്ടെന്നും ടി ഓഫീസിൽ നിന്നും 09.07.2009ൽ ഒരു അപേക്ഷ സമർപ്പിച്ചിരുന്നതാണെന്നും എന്നാൽ ടി അപേക്ഷ പരിഗ

ണിച്ച് ഡയറക്ടറുടെ 17.03.2012ലെ കത്തു പ്രകാരം ലഭിച്ച കത്തിൽ ക്രമന മ്പർ അനുസരിച്ച് പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല എന്ന കാരണത്താൽ അപേക്ഷ തിരികെ അയച്ചിരുന്നതാണെന്നും മാനേ ജ്മെന്റ് കൈമാറ്റത്തിനുള്ള അപേക്ഷ സമർപ്പിക്കുമ്പോൾ പോലീസ് ക്ലിയ റൻസ് സർട്ടിഫിക്കറ്റ് ഉൾപ്പെടുത്തിയാണ് അപേക്ഷ സമർപ്പിച്ചു വരുന്ന തെന്നും ആയതിനാൽ ഹർജിക്കാരന്റെ 1 മുതൽ 3വരെയുള്ള ചോദ്യത്തിന് മറുപടി ഉൾപ്പെടുത്തുന്നുവെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ കേട്ടതിലും ഹർജിക്കാരന് മറുപടി നൽകിയിട്ടു ണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരന് യാതൊരുവിധ മറുപടിയും ലഭ്യമല്ലാത്തതിനാൽ അപ്പീൽ ഹർജി സമർപ്പിച്ചുവെന്നും ടി അപ്പീൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ ലഭിച്ച ശേഷം എസ്.പി.ഐ.ഒ. നൽകിയ മറുപടി നിശ്ചിത സമയത്തിനു ള്ളിൽ ലഭിച്ചിട്ടില്ലെന്നു മാത്രമല്ല ടിയാന്റെ അപേക്ഷയിൽ സൂചിപ്പിച്ചിട്ടുള്ള വിഷയങ്ങളൊന്നും തന്നെ പരാമർശിച്ചിട്ടില്ലെന്നുമാണ് കമ്മീഷൻ മുമ്പാകെ ആക്ഷേപമുന്നയിച്ചിരിക്കുന്നത്. മൊഴിയും അനുബന്ധ രേഖകളും 06.01.2022ലെ റിപ്പോർട്ടും പരിശോധിച്ചതിൽ, ഹർജിക്കാരന് മറുപടി ലഭ്യമായിട്ടുള്ളതായി കാണുന്നതിനാൽ ഈ അപ്പീൽ ഹർജിയിന്മേൽ തുടർ നടപടികൾ അവസാനിപ്പിച്ച് ഇന്നേദിവസം 2022 ജനുവരി 13-ാം തീയതി കമ്മീഷൻ ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)